## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4618 — 25.06.2019-ൽ മറുപടിയ്ക്ക്

### മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി റേഡിയോ ബീക്കൺ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എൻ.എ.നെല്ലിക്കുന്ന് : | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി ഫിഷറീസ് വകുപ്പ് റേഡിയോ ബീക്കണുകൾ വിതരണം ചെയ്തിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) | റേഡിയോ ബീക്കണുകൾ വിതരണം ചെയ്തിരുന്നു. |
| (ബി) | എങ്കിൽ ഏത് വർഷത്തിൽ എത്ര മൽസ്യത്തൊഴിലാളികൾക്ക റേഡിയോ ബീക്കണുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | 2008-09 കാലഘട്ടം മുതൽ പരമ്പരാഗത മത്സ്യത്തൊളിലാളികളുടെ സുരക്ഷ മുൻനിർത്തി 7262 ബീക്കണുകൾ മത്സ്യഭവനുകൾ വഴി വിതരണം ചെയ്തിരുന്നു. |
| (സി) | ഏത് കമ്പനിയുടെ സഹായത്തോടെയാണ് ഈ റേഡിയോ ബീക്കണുകൾ വിതരണം ചെയ്തതെന്നും ഏതെല്ലാം കമ്പനികൾ ടെണ്ടറിൽ പങ്കെടുത്തിരുന്നുവെന്നും എത്ര രൂപയ്ക്കാണ ടെണ്ടർ നൽകിയതെന്നും വ്യക്തമാക്കാമോ; | (സി) | പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിന്റെ സഹായത്തോടെ യാണ് റേഡിയോ ബീക്കണുകൾ നിർമ്മിച്ച് വിതരണം ചെയ്തിരുന്നത്. കെൽട്രോൺ പൊതുമേഖലാ സ്ഥാപനമായതിനാൽ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ബീക്കൺ ഉൾപ്പെടെ അപകടത്തിൽ പെടുന്ന മത്സ്യത്തൊഴിലാളിക്ക് ഗുണകരമായ 10 സാധനങ്ങൾ അടങ്ങിയ ഒരു സുരക്ഷാ കിറ്റ് എന്ന നിലയിലാണ് സുനാമി റീഹാബിലിറ്റേഷൻ പദ്ധതി (TRP) യിൽ ഉൾപ്പെടുത്തി വിതരണം നടത്തിയത്. ഒരു സുരക്ഷ കിറ്റിന് 20000/-രൂപയാണ് വില നിശ്ചയിച്ചത്. ഫിഷറീസ് വകുപ്പ് വഴിയാണ് വിതരണം ചെയ്തിരുന്നത്. |
| (ഡി) | ഈ റേഡിയോ ബീക്കണുകൾ തിരിച്ചെടുത്ത് നശിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് പറയാമോ; | (ഡി) | റേഡിയോ ബീക്കണുകൾ തിരിച്ചെടുത്ത് നശിപ്പിക്കാനായി അനുമതി നൽകിയിട്ടുണ്ട്. 2008 ൽ വിതരണം ചെയ്ത റേഡിയോ ബീക്കണുകളുടെ ലൈഫ് സ്പാൻ 5 വർഷമാണ്. ടി റേഡിയോ ബീക്കണുകളിൽ ഭൂരിഭാഗവും കാലപ്പഴക്കം മൂലം പ്രവർത്തന രഹിതമാകുകയും ആയത് മൂലം തന്നെ തെറ്റായ സന്ദേശം പുറപ്പെടുവിക്കുന്ന അവസ്ഥയുമായിരുന്നു. കൂടാതെ ഇവ റിപ്പയർ |

| | | | |
|---|---|---|---|
| | | | ചെയ്ത് ശരിയാക്കി നൽകൽ പ്രായോഗികമായി ഗുണം ചെയ്യില്ലെന്നും ആയതിന് വൻ തുക ചെലവഴിക്കേണ്ട തായി വരുമെന്നും കെൽട്രോൺ അറിയിച്ചിട്ടുണ്ട്. |
| (ഇ) | ഈ റേഡിയോ ബീക്കണുകൾ കൊണ്ടുള്ള ഗുണവും പ്രയോജനവും എന്താണെന്ന് വ്യക്തമാക്കാമോ; ഇവ നശിപ്പിച്ചാൽ പുതിയത് വിതരണം ചെയ്യുമോ;അതിന് എത്ര തുക ചെലവ് വരുമെന്ന് വ്യക്തമാക്കാമോ? | (ഇ) | മത്സ്യത്തൊഴിലാളികൾ അപകടത്തിൽ പ്പെടുന്ന സമയത്ത് ജീവൻ രക്ഷാ പ്രവർത്തങ്ങൾക്കും ചെറുകിട യാനങ്ങളിലും ബോട്ടുകളിലും കൊണ്ടു പോകുന്നതിനും റേഡിയോ ബീക്കണുകൾ പ്രയോജനപ്രദമാണ്. യാനം അപകടത്തിൽപെട്ടാൽ ബീക്കൺ നിശ്ചിത സമയം സ്വിച്ച് ഓൺ ആയി പിടിക്കുകയോ ഇതിനു കഴിഞ്ഞില്ലെങ്കിൽ ജലവുമായി സമ്പർക്കം നൽകുകയോ ചെയ്താൽ അപകട സന്ദേശം കോസ്റ്റ് ഗാർഡ് ഹെഡ് ആഫീസിന് നൽകുകയും ഉടൻ വിവരം ഫിഷറീസ് വകുപ്പിനും ബന്ധപ്പെട്ട ഏജൻസികൾക്കും ലഭിക്കുകയും കൃത്യമായ സ്ഥലം അറിയാൻ കഴിയുന്നത് കൊണ്ട് റെസ്ക്യൂ പ്രവർത്തനങ്ങൾ വേഗത്തിലാവുകയും ചെയ്യും. റേഡിയോ ബീക്കണുകൾ വീണ്ടും അനുവദിക്കാൻ പദ്ധതികളില്ല. റേഡിയോ ബീക്കണുകളുടെ ധർമ്മം കൂടി നിർവ്വഹിക്കാൻ കഴിയുന്ന തരത്തിൽ വികസിപ്പിച്ചെടുക്കുന്ന നാവിക് ഉപകരണങ്ങളാണ് ഇതിന് പകരമായി വിതരണം ചെയ്യാൻ പോകുന്നത്. |

സെക്ഷൻ ഓഫീസർ